കോ-ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 17/2023

04.08.2023

## "കംപ്യൂട്ടർ ഇൻക്രിമെന്റ്" അനുവദിക്കപ്പെടുന്നു.

സഖാക്കളെ,

കംപ്യൂട്ടർ ഇൻക്രിമെന്റ് എന്ന പേരിൽ അറിയപ്പെടുന്ന അഡ്വാൻസ് ഇൻക്രിമെന്റിന് മൂന്ന് പതിറ്റാണ്ടിലേറെ പഴക്കമുള്ള ചരിത്രമുണ്ട്. കോൺട്രിബ്യൂട്ടറി പ്രൊവിഡണ്ട് ഫണ്ട് (CPF), ഗ്രാറ്റുവിറ്റി എന്നിവക്ക് പുറമേ മൂന്നാമത് റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ ലഭിക്കുക എന്ന ഡിമാന്റിനേയും പ്രക്ഷോഭത്തേയും വഞ്ചിച്ചതിന്റെ ചരിത്രവുമുണ്ട്.

1990 കളുടെ തുടക്കത്തിലാണ് മൂന്നാമത് റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ അനുവദിക്കണം എന്ന ആവശ്യം ധനകാര്യ മേഖലയിലെ സംഘടനകൾ ഒന്നിച്ച് ആവശ്യപ്പെടുകയും പ്രക്ഷോഭരംഗത്തേക്ക് വരികയും ചെയ്തത്. AIBEA ഒഴികെയുള്ള ബാങ്കിംഗ് രംഗത്തെ മുഴുവൻ സംഘടനകളും ഇൻഷുറൻസ്, RBI, NABARD എന്നിവിടങ്ങളിലെ സംഘടനകളോടൊപ്പം AIRRBEA യും പ്രക്ഷോഭത്തിൽ അണിനിരന്നു. ഈ പ്രക്ഷോഭം വിജയത്തോടടുക്കുന്ന സ്ഥിതിയെത്തി. ഈ പ്രക്ഷോഭത്തിന്റെ അലയൊലികൾ മറ്റ് മേഖലകളിലേക്ക് വ്യാപിക്കുകയും ചിലയിടത്തെങ്കിലും മൂന്നാമത് റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ നടപ്പാക്കാം എന്ന MOU ഉണ്ടാവുകയും ചെയ്തു. ഈ ഘട്ടത്തിൽ അപകടം മണത്ത ഗവൺമെന്റ് ഇടപെടുന്നു. IBA, സമരരംഗത്തില്ലാതിരുന്ന AIBEA യുമായി ഒരു കരാർ ഒപ്പിടുന്നു. മൂന്നാം ആനുകൂല്യത്തിന് പകരമായി Pension in lieu of CPF നടപ്പാക്കാനാണ് AIBEA യുമായി കരാർ ഒപ്പിട്ടത്. അതോടൊപ്പം ജീവനക്കാരുടെ സംഘടനകളൊന്നും ആവശ്യപ്പെടാത്ത (AIBEA പോലും) Advance increment on computerisation എന്ന പേരിൽ ഒരു ഇൻക്രിമെന്റ് നൽകാനും കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാനും ഒരു കരാറും ഒപ്പിടപ്പെട്ടു. ഒരു ഇൻക്രിമെന്റിന്റെ ചെലവിൽ വ്യാപകമായ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാനും (അതിനെ തുടർന്നാണ് ബാങ്കിംഗ് മേഖലയിൽ രണ്ട് പതിറ്റാണ്ടോളം നിയമന നിരോധനം ഉണ്ടായത്) മൂന്നാം റിട്ടയർമെന്റ് ആനുകൂല്യമായി പെൻഷൻ അനുവദിക്കുക എന്ന ഡിമാന്റിനെ തകർത്തുകളയാനും ഗവൺമെന്റിനും IBA ക്കും കഴിഞ്ഞു. AIBEA എന്ന സംഘടന അതിനു വേണ്ട സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്തു.

**ഗ്രാമീണ ബാങ്ക് ജീവനക്കാർ 'കംപ്യൂട്ടർ ഇൻക്രിമെന്റിനോട് ' എടുത്ത സമീപനം.** 1993 ൽ ഈ കരാർ ഒപ്പിടുന്ന സമയത്ത് ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് NIT അവാർഡ് പ്രകാരമുള്ള വേതന തുല്യത നടപ്പാക്കപ്പെട്ടിരുന്നു. സ്പോൺസർ ബാങ്കിലെ വേതന വ്യവസ്ഥ മുഴുവൻ ഗ്രാമീണ ബാങ്കിലും നടപ്പാക്കേണ്ടതാണ്. അവിടെ തുല്യതയാണ് പ്രശ്നം. ആ അടിസ്ഥാനത്തിലാണ് മുഴുവൻ ഗ്രാമീണ ബാങ്കുകളിലും ഈ അഡ്വാൻസ് ഇൻക്രിമെന്റ് നടപ്പാക്കണം എന്ന് നാം ആവശ്യപ്പെട്ടത്. ഭൂരിഭാഗം ബാങ്കുകളും നടപ്പാക്കിയില്ല. നടപ്പാക്കിയ പല ബാങ്കുകളും സ്പോൺസർ ബാങ്കിന്റെയെല്ലാം ഇടപെടലിന്റെ ഭാഗമായി ആ ആനുകൂല്യം പിൻവലിച്ചു. പലയിടങ്ങളിലും പ്രശ്നം കോടതികളിലെത്തി.

**AIRRBEA കേസ് കൊടുക്കുന്നു:** 1993 കരാറിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ, കംപ്യൂട്ടർ ഇൻക്രിമെന്റ് എന്നിവ ബാങ്ക് ജീവനക്കാർക്ക് അനുവദിക്കപ്പെട്ടത് എന്നതിനാൽ ഇവ രണ്ടും ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും അനുവദിക്കണം എന്നാവശ്യപ്പെട്ട് AIRRBEA കർണാടക ഹൈക്കോടതിയിൽ 2003 ൽ കേസ് ഫയൽ ചെയ്യുന്നു.(1995 മുതൽ 2002 വരെയുള്ള കാലഘട്ടം വേതനതുല്യത പുന:സ്ഥാപിക്കുന്നതിനുള്ള പോരാട്ടത്തിൽ നാം മുഴുകി പോയിരുന്നു.) ഈ കേസിൽ കർണാടക ഹൈക്കോടതി പെൻഷനും കമ്പ്യൂട്ടർ ഇൻക്രിമെൻറും അനുവദിച്ചു കൊണ്ട് വിധി പ്രഖ്യാപിക്കുന്നു. ഇതിന് ശേഷമാണ് പെൻഷണർ സമിതി എന്ന സംഘടന രാജസ്ഥാൻ ഹൈക്കോടതിയിൽ പെൻഷന് വേണ്ടി ഒരു കേസ് ഫയൽ ചെയ്യു

karline29.deviantart

ന്നത്. ഈ കേസിൽ കർണാടക ഹൈക്കോടതിയുടെ വിധി Agree ചെയ്തു കൊണ്ട് അനുകൂല വിധി വരുന്നു. അതിനെതിരായി ഫയൽ ചെയ്ത അപ്പീലിൽ 25.04.2018ൽ സുപ്രീം കോടതി ചരിത്ര പ്രസിദ്ധമായ വിധി പ്രഖ്യാപിക്കുന്നു. സുപ്രീം കോടതി കൂടുതലൊന്നും പറഞ്ഞില്ല. പ്രസക്തമായ ഒരു വാചകം മാത്രം "Judgement of the High Court of Karnataka which has otherwise become final." സുപ്രീം കോടതിയുടെ ഈ വിധിയനുസരിച്ച് ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ നടപ്പാക്കി. എന്നാൽ കമ്പ്യൂട്ടർ ഇൻക്രിമെന്റ് നടപ്പാക്കപ്പെട്ടില്ല.

അപ്പോൾ ഒരു ചോദ്യം പ്രസക്തമാവുന്നു. സുപ്രീം കോടതിയുടെ വിധി കർണാടക ഹൈക്കോടതി വിധി Final ആയി എന്നാണ്. കർണാടക ഹൈക്കോടതി കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാനും വിധിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ കമ്പ്യൂട്ടർ ഇൻക്രിമെന്റ് നൽകാതിരിക്കുന്നത് കോടതിയലക്ഷ്യമാണ്. കേന്ദ്ര ഗവൺമെന്റിനെതിരായും കർണാടക ഗ്രാമീണ ബാങ്ക് ചെയർമാനെതിരായും AIRRBEA കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്തു. കോടതിയലക്ഷ്യ നടപടികൾ തങ്ങൾ നേരിടേണ്ടി വരും എന്ന അവസ്ഥ സംജാതമായപ്പോഴാണ് 09.06.2023 ന് കോടതിയിൽ കേന്ദ്ര ഗവൺമെന്റ് തങ്ങൾ കമ്പ്യൂട്ടർ ഇൻക്രിമെന്റ് നടപ്പാക്കാൻ ഒരു സ്കീം സമർപ്പിക്കും എന്ന് കോടതിയെ അറിയിച്ചത്. തമിഴ്നാട്ടിലെ AIRRBEA നൽകിയ കേസിലും സമാനമായ നിലയിൽ കോടതിയലക്ഷ്യ നടപടികൾ ആരംഭിച്ചിരുന്നു.

1993 ൽ നടപ്പാക്കേണ്ട ഒരു ആനുകൂല്യം മുപ്പത് കൊല്ലങ്ങൾക് ശേഷം നടപ്പാക്കുമ്പോൾ അതിൽ ഇരുപത്തി അഞ്ച് കൊല്ലവും ചെത്തിക്കളയുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തിരിക്കുന്നത്. എന്നാൽ കഴിഞ്ഞ മുപ്പത് കൊല്ലം നടത്തിയ നിർത്താതെയുള്ള പോരാട്ടത്തിന്റെ ഫലമാണ് ഇപ്പോൾ നമുക്ക് ലഭിച്ചത്. കർണാടകയിലും തമിഴ്നാട്ടിലുമാകട്ടെ നമ്മുടെ സംഘടന മാത്രമാണ് പോരാട്ടരംഗത്തുണ്ടായിയിരുന്നത് എന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart